ശ്രീ. പി. വിജയദാസ്: ഞാൻ പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ് ബഹുമാന്യനായ മന്ത്രിയും പറഞ്ഞത്. അതിൽനിന്ന് വ്യത്യസ്തമായി ഇത് ശാസ്ത്രീയമായി പുനഃപരിശോധിക്കുന്നതിനും ഇത് പഠിക്കുന്നതിനും ഗവൺമെൻറ് തയ്യാറാകണം. എന്നിട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഇതിന് മാർഗ്ഗം ഉണ്ടാക്കാൻ ശ്രമിക്കണം.

ശ്രീ. എ.എൽ. ജേക്കബ്: അതിനാണ് അഗ്രിക്കൾച്ചറൽപ്രൊഡക്ഷൻ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.

III. സബ്മിഷൻ

(1) വടക്കാഞ്ചേരിയിൽ റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. കെ.എസ്. നാരായണൻനമ്പൂതിരി: സർ, തൃശൂർ-ഷൊർണ്ണൂർ ലൈൻ ഏറ്റവും അധികം ട്രാഫിക് ഉള്ള റോഡാണ്. പാലക്കാട്, മലപ്പുറം, പെരിന്തൽമണ്ണ റൂട്ടിൽ ട്രാഫിക് അധികമാണ്. വടക്കാഞ്ചേരി ടൗണിന്റെ മദ്ധ്യത്തിൽവച്ച് റെയിൽവേക്രോസും കിടക്കുകയാണ്. ഡബിൾ ലൈൻ വന്നതു കാരണം ഒരു വണ്ടിപോയശേഷം വേറെ വണ്ടി വരാനുണ്ട് എന്നുള്ളതുകൊണ്ട് അടഞ്ഞു തന്നെ കിടക്കുന്ന റെയിൽവേ ക്രോസ് കാരണം യാത്രാക്ലേശം വളരെയധികം ഉണ്ടാകുന്നുണ്ട്. ഓഫീസുകൾ, ആശുപത്രി, കോളേജ് എല്ലാംതന്നെ രണ്ടു ഭാഗങ്ങളിലായി കിടക്കുന്നതുകൊണ്ട് ഏറ്റവുമധികം വിഷമിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിന് അവിടെ ഒരു ഓവർബ്രിഡ്ജ് ഉടനേ പണിയേണ്ടത് ആവശ്യമാണ്. അഞ്ചെട്ടുകൊല്ലത്തോളമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പണിയാണിത്, അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് റെയിൽവേ വകുപ്പ് കൈകാര്യം ചെയ്യുന്ന ധനകാര്യമന്ത്രി ഈ കാര്യത്തിന് മുൻഗണന കൊടുത്ത് ആ ഓവർബ്രിഡ്ജിന്റെ പണി ഉടനേ തുടങ്ങാനുള്ള നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): വടക്കാഞ്ചേരി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി 1970–71–ൽ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കുകയുണ്ടായി. അതിനുശേഷം 1972–ൽ സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുവാനുള്ള നടപടികളും ആരംഭിച്ചു. 1974–ൽ ഈ ലൈൻ ഇരട്ടിപ്പിക്കുവാൻ വേണ്ടി റെയിൽവേ വകുപ്പ് തീരുമാനിച്ചു. അവിടെനിന്ന് എറണാകുളം വരെയുള്ള ലൈനാണ് ഇരട്ടിപ്പിക്കുവാൻ തീരുമാനിച്ചത്. അങ്ങനെയുള്ള തീരുമാനം എടുത്തതുകൊണ്ട് റീ–അലൈൻമെൻറ് വേണ്ടി വന്നു. അതുകൊണ്ട് അതിനു മുമ്പ് സ്ഥലം പൊന്നും വിലയ്ക്ക് എടുക്കാനുള്ള നടപടികൾ നിറുത്തിവച്ചു. കാരണം ആ അലൈൻമെൻറ് ഫൈനൽ ആയതിനുശേഷം ഇതിനെ സംബന്ധിച്ചുള്ള നടപടികൾ നടത്തിയാൽ മതി എന്നുള്ള നിലയ്ക്ക് അക്വിസിഷൻ നടപടികൾ നിറുത്തിവച്ചു. 1984–ൽ റെയിൽവേ അധികൃതരുടെ പ്ലാൻ അനുസരിച്ച് 40 ലക്ഷം രൂപയുടെ ചെലവ് പ്രതീ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷിക്കുന്ന പുതിയ എസ്റ്റിമേറ്റും പകരം ഉള്ള അലൈൻമെൻറ് പ്ലാനും അതിൻറെ നടപടികളും നടന്നുകൊണ്ടുവരികയാണ്. ആ നിർദ്ദേശം ചീഫ് എഞ്ചിനീയറുടെ പരിഗണനയിൽ ഇരിക്കുകയാണ്. ഫൈനലായി റീ അലൈൻ ചെയ്തിട്ടുള്ള ആ പ്രൊപ്പോസലിന് ഭരണാനുമതി കൊടുത്തു കഴിഞ്ഞാൽ പുതുതായി പൊന്നും വിലയ്ക്ക് എടുക്കാനുള്ള നടപടികളും ആരംഭിക്കേണ്ടിയിരിക്കുന്നു. അങ്ങനെ നടപടികളും ആരംഭിച്ചു കഴിഞ്ഞാൽ ഇതു നിർമ്മിക്കുന്നതിന് ആവശ്യമായ പണം പിന്നീട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് നീങ്ങേണ്ടതായിട്ടുണ്ട്. ഗവൺമെൻറ് ഇത് ഗൗരവപൂർവ്വമായി പരിഗണിക്കുന്നുണ്ട്. ഗവൺമെൻറ് ഇതിനു വളരെയധികം പ്രാധാന്യം കൽപ്പിക്കുന്നുണ്ട്.

(2) വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിക്കുവേണ്ടി സ്ഥലം കൊടുത്തവർക്കു വാഗ്ദാനം ചെയ്ത ജോലി

ശ്രീ. എം.കെ. കേശവൻ: സർ, വെള്ളൂരിൽ പ്രവർത്തിച്ചുവരുന്ന കടലാസ് നിർമ്മാണ ഫാക്ടറിക്ക് വേണ്ടി സ്ഥലം എടുത്തപ്പോൾ അന്നത്തെ കേന്ദ്രമന്ത്രി പറഞ്ഞത് സമീപവാസികളായിട്ടുള്ള ആളുകൾക്ക്, സ്ഥലം എടുത്തു പോകുന്ന ആളുകൾക്ക്, ആ ഫാക്ടറിയിൽത്തന്നെ അവരുടെ കഴിവിന് അനുസരിച്ച് അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചു ജോലി കൊടുക്കും എന്നാണ്. ഇപ്പോൾ ആ ഫാക്ടറി പ്രവർത്തനം ആരംഭിച്ചു. 1740 ജീവനക്കാരെ ഇപ്പോൾ അവിടെ നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ നിയമിച്ച ആളുകളിൽ ഈ സ്ഥലം കൊടുത്ത ആളുകൾ ഉണ്ടോ എന്നു ചോദിച്ചാൽ ഇവിടെ രണ്ടും മൂന്നും സെൻറു സ്ഥലം വീതം വാങ്ങി അതിൻറെ പേരിൽ ജോലി സമ്പാദിച്ച ആളുകളാണ് ഈ സ്ഥലത്തുള്ള ഭൂരിപക്ഷം ആളുകളും. യഥാർത്ഥത്തിൽ അർഹത ഉള്ളവർക്ക് ജോലി കിട്ടിയിട്ടില്ല. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും കേന്ദ്ര പൊതുമേഖലാ സ്ഥാപനം ആയതുകൊണ്ട് 20 ശതമാനം സംവരണം കൊടുക്കണം എന്നു പറഞ്ഞിട്ടുണ്ട്. ഈ 1740 പേരിൽ വെറും 13 പേർ മാത്രമാണ് ഹരിജനങ്ങളായിട്ടുള്ളവർ. ഇതിൻറെയൊക്കെ ഫലമായിട്ട് ഈ ആനുകൂല്യം കിട്ടാത്ത ആളുകൾ ആ ഫാക്ടറിപ്പടിയ്ക്കൽ സമരം ആരംഭിച്ചിരിക്കുകയാണ്. ഇതിൽ ഗവൺമെൻറ് അടിയന്തിരമായി ഇടപെട്ട് ഇവർക്ക് നീതി കിട്ടാൻ നടപടി സ്വീകരിക്കണം.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് കേന്ദ്രഗവൺമെൻറിൻറെ ഉടമയിലുള്ള ഒരു പൊതുമേഖലാസ്ഥാപനമാണ്. ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം അറിയിച്ചപ്പോൾത്തന്നെ അത് മാനേജുമെൻറിനെ അറിയിക്കുകയും മാനേജുമെൻറിൽനിന്നും കിട്ടിയ മറുപടിയനുസരിച്ച് 1379 പേരെ ഇതഃപര്യന്തം നിയമിച്ചതിൽ 258 പേർ തദ്ദേശ വാസികളാണെന്നാണ് കാണുന്നത്: ഇത് 19 ശതമാനത്തോളം വരും. സ്യൂട്ട ബിലിറ്റിയും യോഗ്യതയും കണക്കിലെടുത്തുകൊണ്ടാണ് ചെയ്തിട്ടുള്ളത്. ഇതിനുപുറമേ ആഗസ്റ്റ് മാസത്തിൽ രണ്ടുപേരെ ക്ലാർക്ക് ടൈപ്പിസ്റ്റായി നിയമിച്ചിരിക്കുകയാണ്. ഇനിയും പുതിയ നിയമനങ്ങൾ നടത്തുമ്പോൾ തദ്ദേശവാസികൾക്കുള്ള പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly